ലൈസൻസ് കൊണ്ടുവന്ന് ഡ്രൈവിംഗ് അറിയാത്തവർക്ക് കൊടുത്ത് വാഹനങ്ങൾ ഓടിക്കുന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ.സി. ജോസഫ് : സർ, ഈ അടുത്തകാലത്ത് ആർ.ടി.ഒ. ഓഫീസുകളിൽ നിയന്ത്രണമേർപ്പെടുത്തിയെങ്കിൽ പോലും അവിടെയെല്ലാം അഴിമതിയുടെ കേന്ദ്രമാണ്. മന്ത്രിയുടെ പ്രദേശമായ വടകരയിൽ ഒരു വനിതാ സിനിമാതാരത്തിനും അവരുടെ അമ്മയ്ക്കും അവർ ടെസ്റ്റിനുപോലും പോകാതെ ലൈസൻസ് കിട്ടിയതായി ഞാൻ മലബാർ പത്രത്തിൽ വായിച്ചു.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, അഴിമതിക്ക് മന്ത്രിയുടെ നാട്, മറ്റൊരുനാട്, എന്നില്ല; അഴിമതി സാർവ്വത്രികമാണ്. ബഹു. ജോണി നെല്ലൂർ പറഞ്ഞകാര്യം: വണ്ടിയോടിക്കാനറിയാത്തവർ മറ്റു സംസ്ഥാനങ്ങളിൽ പോയി ഡ്രൈവിംഗ് ലൈസൻസ് കൊണ്ടുവന്ന് വണ്ടിയോടിക്കുന്നത്, കൃത്യമായ ഒരു പരിശോധനയ്ക്ക് വിധേയമാക്കാൻ കഴിഞ്ഞാൽ പരിഹരിക്കാൻ കഴിയുമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. ബാബു ദിവാകരൻ : സർ, ഡ്രൈവിംഗെന്നു പറയുന്നത് നമ്മുടെ ഇൻഡ്യയിലും വിദേശത്തും ഏറ്റവും കൂടുതൽ തൊഴിലവസരങ്ങളുള്ള ഒരു ട്രേഡ് ആണ്. അത് ഒരു വൊക്കേഷണൽ ട്രേഡായി അംഗീകരിക്കുകയും ആറു മാസമോ ഒരു വർഷമോ കൊണ്ട് തീരുന്ന ഒരു കോഴ്സ് ഏർപ്പെടുത്തുകയും ചെയ്യുക. ഇപ്പോൾ ഐ.ടി.ഐ.കളിലെല്ലാം ഒരുപാട് കോഴ്സുകളുണ്ട്. അപ്പോൾ, വണ്ടി ഓടിക്കാൻ മാത്രമല്ല ഒരു ട്രേഡായി അംഗീകരിച്ച് ഐ.ടി.ഐ.കളിലും അതുപോലെയുള്ള വൊക്കേഷണൽ സെന്ററുകളിലും ഒരു കോഴ്സായി അംഗീകരിച്ചുകൊടുക്കുന്നതിനുള്ള സംവിധാനത്തെക്കുറിച്ച് ആലോചിക്കണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, ഞാൻ ഇപ്പോൾ ഇത് ചർച്ച ചെയ്ത കാര്യമാണ്. ശ്രീ. ബാബു ദിവാകരൻ ശ്രദ്ധിക്കാത്തതുകൊണ്ടാണ് ഇങ്ങനെ ചോദ്യം ചോദിക്കേണ്ടി വന്നത്.

മി. സ്പീക്കർ : അടുത്ത ദിവസം തുടരാം.

(ചർച്ച തുടരും)

(4) 2000-ത്തിലെ കേരള ന്യൂസ് പേപ്പർ ഏജന്റ്സ് ക്ഷേമനിധി ബിൽ

(ശ്രീ. സി.പി. ബാലൻ വൈദ്യർ നോട്ടീസ് നൽകിയത്)

ശ്രീ. സി.പി. ബാലൻ വൈദ്യർ : സർ, 2000-ത്തിലെ കേരള ന്യൂസ് പേപ്പർ ഏജന്റ്സ് ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

[12 Noon]

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, ബില്ലിനെ ഒബ്ജക്ട് ചെയ്യുകയാണ്. വേറെ ഒന്നുംകൊണ്ടല്ല, സ്വയം തൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്നവർക്കും മറ്റും ചെറിയ ജോലികളിൽ നിയോഗിക്കപ്പെട്ടിട്ടുള്ള എല്ലാ തൊഴിലാളികൾക്കുംവേണ്ടി ഗവൺമെന്റ് ചില ആനുകൂല്യങ്ങൾ കൊടുക്കുന്നതിനെപ്പറ്റി ഗൗരവമായി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഇങ്ങനെയൊരു ബിൽ ആവശ്യമില്ല എന്നുള്ളതുകൊണ്ട് ഞാൻ ഒബ്ജക്ട് ചെയ്യുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി.പി. ബാലൻ വൈദ്യർ : സർ, കേരളത്തിൽ മൊത്തം ഈ മേഖലയുമായി ബന്ധപ്പെട്ട് എത്രപേരുണ്ടെന്ന് കൃത്യമായി കണക്കാക്കിയിട്ടില്ല. പക്ഷേ ഗണ്യമായ ഒരു വിഭാഗം ആളുകൾ, എല്ലാ പഞ്ചായത്തുകളിലും ഡസൻ കണക്കിന് ആളുകൾ, പത്ര വിതരണം നടത്തി ജീവിക്കുന്നവരുണ്ട്. പത്രം ഏജന്റുമാരോടു കാണിക്കുന്ന അവഗണനയും ചൂഷണവും ഒരു ഭാഗത്തുണ്ട്. അതോടൊപ്പംതന്നെ പ്രധാന ഏജന്റുമാരുടെ കീഴിൽ പത്രവിതരണം നടത്തുന്ന സബ് ഏജന്റുമാരാണ് ഏറ്റവും കൂടുതൽ ചൂഷണത്തിനു വിധേയരാകുന്നത്. എം.എൽ.എ. ക്വാർട്ടേഴ്സിൽ ഞങ്ങൾക്ക് പത്രം കൊണ്ടുവരുന്ന കുട്ടികളോട് ചോദിച്ചാൽ, തുച്ഛമായ വേതനമാണ് അവർക്ക് ഒരു മാസത്തിൽ കിട്ടുന്നത്. ഏജന്റിന് 25-ഓ 27-ഓ 30-ഓ ശതമാനം കമ്മിഷൻ കിട്ടുന്ന സന്ദർഭത്തിൽ ചുരുങ്ങിയ പണം മാത്രം കൊടുത്ത് കുട്ടികളെയും മറ്റ് ആളുകളെയും ഈ ജോലിക്ക് വയ്ക്കുന്നു. ഇവർക്കെന്തെങ്കിലും അപകടം പറ്റിയാൽ ശ്രദ്ധിക്കാൻ വ്യവസ്ഥകളില്ല. ഈ നിലയിൽ ഈ രംഗത്ത് നിരവധി കൊല്ലങ്ങളായി ജോലി ചെയ്യുന്ന, പത്രം വിതരണം നടത്തുന്ന, ആളുകൾക്ക് സംരക്ഷണം കിട്ടണം. അതിന് നല്ലൊരു പങ്ക് പത്രമുടമകളിൽനിന്നും ഉണ്ടാകണമെന്നുള്ളതാണ് എന്റെ ആവശ്യം. ഞാൻ സൂചിപ്പിക്കുന്നത്, പത്രം വായനക്കാർക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. പി.ജെ. ജോയി : സർ, ബഹു. ബാലൻ വൈദ്യർ ഇവിടെ അവതരിപ്പിച്ച ഈ ക്ഷേമനിധി ബില്ലിൽ രാഷ്ട്രീയ പാർട്ടികൾ നടത്തുന്ന പത്രത്തിന്റെ ഏജന്റുമാർ പെടുമോ? അവർ പെടുമെങ്കിൽ അവർക്ക് രാഷ്ട്രീയ കക്ഷിയല്ലേ ആനുകൂല്യം കൊടുക്കേണ്ടത്?

ശ്രീ. സി.പി. ബാലൻവൈദ്യർ : രാഷ്ട്രീയപാർട്ടി നടത്തുന്ന പത്രം എന്നൊന്നുമില്ല. പത്രത്തിന് ഒരു ഉടമയും അതുപോലുള്ള മറ്റ് സംവിധാനവുമൊക്കെ ഉണ്ടാകും. അത് ഏത് തരത്തിലുള്ള പത്രമായാലും ആ പത്രത്തിന്റെ കീഴിലുള്ള ഏജന്റുമാർക്കും സബ് ഏജന്റുമാർക്കും പെൻഷനും ക്ഷേമനിധിയും കിട്ടണമെന്നുള്ളതാണ് ഈ ബിൽകൊണ്ട് ഉദ്ദേശിക്കുന്നത്. ഞാൻ വളരെ കൊല്ലങ്ങളായി 1967 മുതൽ ഒരു പത്രത്തിന്റെ പ്രധാനപ്പെട്ട ചുമതല വഹിച്ചിരുന്ന ആളാണ്.

ശ്രീ. പാലോട് രവി : ഏജന്റുമാരെയും സബ് ഏജന്റുമാരെയും സഹായിക്കാൻ പത്രമുടമകൾ മഹാമനസ്കത കാണിക്കണമെന്ന് അങ്ങ് പറഞ്ഞു. അങ്ങനെയാണെങ്കിൽ ഇന്ന് കേരളത്തിന്റെ പ്രധാനപ്പെട്ട ഒരു പത്രമുടമയാണ് മുഖ്യമന്ത്രി ശ്രീ. ഇ.കെ. നായനാർ. അദ്ദേഹംതന്നെ ഇതിന് മാതൃക കാണിക്കാൻ കേരളത്തിലെ മറ്റുള്ള എല്ലാ പത്രങ്ങൾക്കും മാതൃകയാകത്തക്ക രീതിയിൽ അദ്ദേഹത്തെക്കൊണ്ട് ആവശ്യമായ നടപടിയെടുപ്പിക്കുമോ?

ശ്രീ. സി.പി. ബാലൻ വൈദ്യർ : ദേശാഭിമാനി പത്രത്തെയാണ് അങ്ങ് ഉദ്ദേശിച്ചതെങ്കിൽ, മറ്റ് ഏത് പത്രത്തെക്കാളും വിതരണക്കാർക്ക് സൗജന്യവും സഹായവും ചെയ്യുന്ന പത്രമാണ് ദേശാഭിമാനി. 1967 തൊട്ട് ദേശാഭിമാനി പത്രത്തിന്റെ വിതരണവുമായി ബന്ധപ്പെട്ട ഒരാളെന്ന നിലയ്ക്ക് എനിക്ക് പറയാൻ കഴിയും.

ശ്രീ. ബാബു ദിവാകരൻ : അങ്ങയുടെ സ്വന്തം അനുഭവത്തിന്റെ വെളിച്ചത്തിലാണോ അങ്ങ് ഇപ്പോൾ സംസാരിക്കുന്നത്? അങ്ങ് തന്നെ ഒരു പ്രധാന ഏജന്റ് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അങ്ങുതന്നെ ഒരു പ്രധാന പത്ര ഏജന്റാണെങ്കിൽ അതിന്റെ വെളിച്ചത്തിലാണോ സബ് ഏജന്റുമാർക്ക് അല്പം ചില്ലറ കൊടുക്കുന്നതെന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി.പി. ബാലൻ വൈദ്യർ : ഞാൻ പത്രത്തിന്റെ ഏജൻസി നടത്തിയിട്ടുണ്ട്. ആ കാലത്ത് 25% കമ്മിഷൻ സബ് ഏജന്റുമാർക്ക് കൊടുത്തിട്ടുണ്ട്. കേരളത്തിൽ മറ്റാരും കൊടുക്കാത്തത് കൊടുത്തിട്ടുണ്ട്. ഏജന്റുമാരേയും സബ് ഏജന്റുമാരേയും ഏറ്റവുമധികം ചൂഷണം ചെയ്യുന്ന സ്ഥിതിയാണ് നിലവിലുള്ളത്. ചില കുത്തകപ്പത്രങ്ങൾ ആ നിലയിൽ ചൂഷണം ചെയ്യുന്നുണ്ട്. ഇവർക്ക് സംരക്ഷണം കിട്ടണം. ഇവർക്ക് കിട്ടിയിരുന്ന ആനുകൂല്യങ്ങൾ പോലും അവരറിയാതെ എടുത്തു മാറ്റപ്പെടുന്ന അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് പത്ര ഏജന്റുമാർക്ക് ക്ഷേമനിധിയും പെൻഷനും വേണമെന്ന് പറയുന്നത്.

ശ്രീ. കെ.പി. രാജേന്ദ്രൻ : അങ്ങ് ക്ഷേമനിധി ആനുകൂല്യങ്ങളെ സംബന്ധിച്ച് പറയുകയുണ്ടായി. ഏജന്റുമാരുടെ കീഴിലുള്ള സബ് ഏജന്റുമാരുടെ കാര്യം വളരെ ഗൗരവപ്പെട്ട പ്രശ്നമാണ്. ഇപ്പോൾ പുതിയൊരു ഏജന്റായി ഒരു സ്ഥലത്ത് ആർക്കും ഈ തൊഴിലിനു വരാൻ കഴിയുന്നില്ല.. ഓരോ ഏര്യയും ഓരോരുത്തരുടെ കയ്യിലാണ്. അവർക്ക് വലിയ സംഖ്യ കൊടുക്കണം. അവിടെ പുതിയതായി ഒരാൾക്ക് പത്തോ അമ്പതോ നൂറോ പത്രം വിതരണം ചെയ്ത് ആ ജോലിയിൽ പ്രവേശിക്കാൻ കഴിയാത്തവിധം നിലവിലുള്ള വലിയ ഏജന്റുമാർ ആ ഏരിയ കയ്യടക്കി വച്ചിരിക്കുന്ന കാര്യം താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി.പി. ബാലൻ വൈദ്യർ : അതുണ്ട്. വിപുലമായ പ്രദേശം ഒരാളുടെ കയ്യിലാക്കുക, എന്നിട്ട് അയാൾ പത്തോ പന്ത്രണ്ടോ ആളുകളെക്കൊണ്ട് പത്ര വിതരണം നടത്തിക്കുക, അതെല്ലാം ഈ രംഗത്തുണ്ട്. ഞാൻ ആവശ്യപ്പെടുന്നത്, ഈ ഏജന്റുമാരേയും സബ് ഏജന്റുമാരേയും സഹായിക്കത്തക്കവിധത്തിലുള്ള നടപടി വേണം. പത്രത്തിൽനിന്നുതന്നെ അവർക്ക് ക്ഷേമനിധിയും മറ്റ് ആനുകൂല്യങ്ങളും ലഭിക്കണമെന്നുള്ള ലക്ഷ്യം വച്ചുകൊണ്ടാണ് ഞാൻ ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. (ചർച്ച തുടരും)

5. 2000-ലെ കേരള കലാപ്രവർത്തക ക്ഷേമനിധി ബിൽ

(ശ്രീ. പി.സി. ജോർജ് നോട്ടീസ് നൽകിയത്)

(പ്രമേയാവതാരകൻ സഭയിൽ ഹാജരില്ലാതിരുന്നതിനാൽ ചർച്ചയ്ക്കെടുത്തില്ല)

3. ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ (തുടർ ചർച്ച)

(1) 1998-ലെ കേരള ഹോമിയോപ്പതിക് മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ (ശ്രീ. പി. രാജു നോട്ടീസ് നൽകിയത്)

ശ്രീ. പി. രാജു : സർ, 1998-ൽ അവതരിപ്പിച്ച ഒരു ബില്ലാണിത്. രണ്ടു വർഷക്കാലം കഴിഞ്ഞപ്പോഴാണ് ഇതിനെക്കുറിച്ച് വീണ്ടും സംസാരിക്കാനുള്ള ഒരവസരം കിട്ടിയത്. ഇക്കണക്കിനു പോയാൽ രോഗി ചത്ത് എല്ലാം കഴിഞ്ഞതിനുശേഷം മാത്രമേ എന്തെങ്കിലും നടപ്പിലാകുകയുള്ളൂ. ഹോമിയോ ചികിത്സ ലോക പ്രസിദ്ധമായ ചികിത്സയാണ്. ഇത് കേരള സംസ്ഥാനത്തിൽ വ്യാപകമായ തോതിൽ പ്രചരിപ്പിക്കുന്നതിനും ഈ ചികിത്സാരീതി കേരളത്തിലെ ജനങ്ങൾക്ക് ഏറ്റവും ഭംഗിയായ രീതിയിൽ എത്തിക്കുന്നതിനും ആവശ്യമായ നടപടിക്രമങ്ങൾ സ്വീകരിക്കണം. ഹോമിയോ ഡോക്ടർമാരിൽ കേര